**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 662** **11-06-2024 - ൽ മറുപടിയ്ക്ക്**

**സി.എം.ആർ.എൽ. കമ്പനിയ്ക്ക് എക്സാലോജിക് സൊല്യൂഷനുമായുള്ള കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കരിമണൽ ഖനനവുമായി ബന്ധപ്പെട്ട സി.എം.ആർ.എൽ. കമ്പനിയിൽ കെ.എസ്.ഐ.ഡി.സി.ക്ക് എത്ര ശതമാനം ഓഹരി ഉണ്ടെന്ന് വ്യക്തമാക്കാമോ; സർക്കാരിന്റെ ഓഹരിയുള്ള കമ്പനിയായി പ്രവർത്തിക്കുമ്പോൾ സർക്കാർ ചട്ടങ്ങളും നിബന്ധനകളും ഇവർക്ക് ബാധകമാണോ; വിശദാംശം ലഭ്യമാകുമോ; | (എ) | സി.എം.ആർ.എൽ. കമ്പനിയിൽ കെ.എസ്.ഐ.ഡി.സി-ക്ക് 13.41 ശതമാനം ഓഹരിയുണ്ട്. പ്രസ്തുത കമ്പനി പ്രൈവറ്റ് സെക്ടറിൽ ഉള്ള സെബി നിയന്ത്രണത്തിലുള്ള ഒരു ലിസ്റ്റഡ് പബ്ലിക് ലിമിറ്റഡ് കമ്പനിയാണ്. കെ.എസ്.ഐ.ഡി.സി. ഓഹരി നിക്ഷേപം നടത്തിയിട്ടുള്ള കമ്പനികൾക്ക് മറ്റ് സ്വകാര്യ കമ്പനികൾക്ക് ബാധകമായ സർക്കാർ ചട്ടങ്ങളും നിബന്ധനകളും മാത്രമേ ബാധകമാകുകയുള്ളൂ |
| (ബി) | എക്സാലോജിക് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡിന് എന്ത് സേവനം ലഭ്യമാക്കിയതിനാണ് സി.എം.ആർ.എൽ. കമ്പനി പണം നൽകിയതെന്ന് വിശദമാക്കാമോ; സി.എം.ആർ.എൽ. കമ്പനി എക്സാലോജിക് സൊല്യൂഷനെ തെരഞ്ഞെടുത്ത മാനദണ്ഡം വിശദമാക്കാമോ; പ്രസ്തുത കമ്പനി എക്സാലോജിക് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിരുന്നോ; എങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാകുമോ; | (ബി) | സി.എം.ആർ.എൽ എന്ന സ്വകാര്യ കമ്പനി ഏർപ്പെട്ടിട്ടുള്ള ടെൻഡർ നടപടികളുടേയോ, മറ്റ് പ്രവർത്തനങ്ങളുടേയോ വിവരങ്ങൾ കെ.എസ്.ഐ.ഡി.സി-യുടേയോ, സർക്കാരിന്റേയോ പരിധിയിൽ വരാത്തതിനാൽ അത്തരം വിവരങ്ങൾ ലഭ്യമല്ല. |
| (സി) | സി.എം.ആർ.എൽ. കമ്പനിക്ക് സോഫ്റ്റ്‌വെയർ നൽകുന്നതിനായി ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് പരസ്യം നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത പരസ്യം എന്നാണ് നൽകിയതെന്നും പത്ര മാധ്യമങ്ങളിലോ മറ്റേതെങ്കിലും തരത്തിലോ വിജ്ഞാപനം ചെയ്തിരുന്നോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (സി) | (ബി) പിരിവിനുള്ള ഉത്തരം കാണുക |
| (ഡി) | സി.എം.ആർ.എൽ. നൽകിയ പരസ്യത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾ ദർഘാസ് നൽകിയെന്നും ഓരോരുത്തരും രേഖപ്പെടുത്തിയിരുന്ന നിരക്ക് എത്രയെന്നും അറിയിക്കാമോ; ഇതിലേക്ക് ടെണ്ടർ | (ഡി) | (ബി) പിരിവിനുള്ള ഉത്തരം കാണുക |

| | | | |
|---|---|---|---|
| | ലഭിച്ചതിനുശേഷം തയ്യാറാക്കിയ ടെണ്ടർ ടാബുലേഷൻ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | |
| (ഇ) | സി.എം.ആർ.എൽ. നൽകിയ പരസ്യപ്രകാരം ഏക ടെണ്ടർ ആണ് ലഭിച്ചതെങ്കിൽ സർക്കാർ ചട്ടങ്ങൾ പാലിച്ചാണോ എക്സാലോജിക് സൊല്യൂഷനുമായി കരാർ ഉറപ്പിച്ചതെന്ന് വ്യക്തമാക്കാമോ; | (ഇ) | (ബി) പിരിവിനുള്ള ഉത്തരം കാണുക |
| (എഫ്) | സി.എം.ആർ.എൽ. ആവശ്യപ്പെട്ട സോഫ്റ്റ്വെയർ പ്രവൃത്തികൾ ചെയ്യുന്നതിന് എക്സാലോജികിനെ മാത്രമായി തെരഞ്ഞെടുത്തതിന്റെ കാരണം രാജ്യത്ത് മറ്റൊരു സ്ഥാപനത്തിനും ചെയ്യാൻ കഴിയാത്ത സേവനമാണ് എക്സാലോജിക് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ് ചെയ്യുന്നതെന്ന അഭിപ്രായം ഉള്ളത്കൊണ്ടാണോ; എങ്കിൽ വിശദാംശം ലഭ്യമാകുമോ; | (എഫ്) | (ബി) പിരിവിനുള്ള ഉത്തരം കാണുക |
| (ജി) | ടെണ്ടർ വ്യവസ്ഥകൾ ഇല്ലാതെ ഏകപക്ഷീയമായിട്ടാണ് എക്സാലോജിക് കമ്പനിക്ക് സി.എം.ആർ.എൽ. പ്രസ്തുത കരാർ നൽകിയതെങ്കിൽ അത്തരത്തിലുള്ള ക്രമക്കേട് നടന്നതിന് കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ജി) | (ബി) പിരിവിനുള്ള ഉത്തരം കാണുക |

സെക്ഷൻ ഓഫീസർ